പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 3056

21/06/2013-ൽ മറുപടിയ്ക്ക്

## ഹോർട്ടി കോർപ്പിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് നടപടികൾ

**ചോദ്യം**

ശ്രീ.മോൻസ് ജോസഫ്
ശ്രീ. റ്റി. യു. കുരുവിള
ശ്രീ. സി.എഫ്. തോമസ്

**മറുപടി**

ശ്രീ.കെ.പി.മോഹനൻ
(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി)

എ) ഹോർട്ടി കോർപ്പിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് ഈ സർക്കാർ അധികാരമേറ്റ ശേഷം സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

എ) ഹോർട്ടികോർപ്പിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ഈ സർക്കാർ അധികാരമേറ്റശേഷം കൂടുതൽ ഹരിതാസ്റ്റാളുകൾ ആരംഭിക്കുകയും, ഹരിതാ മൊബൈൽ യൂണിറ്റുകൾ ആരംഭിക്കുകയും അടച്ചു പൂട്ടിയ ആലപ്പുഴ ജില്ലാ ഡിസ്ട്രിക്റ്റ് പ്രൊക്യൂർമെന്റ് സെന്റർ ആരംഭിക്കുകയും ചെയ്തു.

ബി) സംസ്ഥാനത്തെ കർഷകർ ഉത്പാദിപ്പിക്കുന്ന പച്ചക്കറികൾ ഹോർട്ടികോർപ്പിന്റെ ആവശ്യത്തിലേക്ക് ശേഖരിക്കുന്നതിൽ എന്തു മാത്രം പുരോഗതി ഈ കാലയളവിൽ ഉണ്ടായിട്ടുണ്ട്;

ബി) സംസ്ഥാനത്തെ കർഷകർ ഉല്പാദിപ്പിക്കുന്ന പഴം- പച്ചക്കറികൾ കർഷകർക്ക് ന്യായ വില നൽകി സംഭരിക്കുന്നത് മൂലം കർഷകർക്ക് അവരുടെ ആഭ്യന്ത ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് സാധിച്ചിട്ടുണ്ട്.

സി) ഹോർട്ടികോർപ്പിന്റെ പ്രവർത്തന മേഖല വിപുലീകരിക്കുന്നതിന്റെ ഭാഗമായി പുതിയ പദ്ധതികൾ ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ നൽകുമോ?

സി) തിരുവനന്തപുരം ജില്ലയിൽ 100 ഹരിതാ സ്റ്റാളുകളും മറ്റു ജില്ലകളിൽ 25 മുതൽ 50 വരെ ഹരിതാ സ്റ്റാളുകളും തുടങ്ങുന്നതിനായി പദ്ധതി ലക്ഷ്യമിടുകയും അവയിൽ ചില സ്റ്റാളുകൾ (തിരുവനന്തപുരം പാളയം സസ്യ സൂപ്പർ മാർക്കറ്റ്, ഹെഡ് ഓഫീസ് കോമ്പൗണ്ടിൽ ചില്ലറ വില്പനശാല എന്നിവ) തുറന്ന് പ്രവർത്തനം ആരംഭിക്കുകയും ചെയ്തു കഴിഞ്ഞു.

സെക്ഷൻ ഓഫീസർ